"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനം - എൽ.എ.ആർ. 14/2014 നമ്പർ കേസിന്മേലുള്ള ബാലൻസ് വിധിക്കടത്തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2313/2024/LSGD തീയതി, തിരുവനന്തപുരം, 28-11-2024**

---

പരാമർശം:- 1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/08/2024 തീയതിയിലെ എ3/48/2022/ട്രിഡ നമ്പർ കത്ത്.

2. സ.ഉ.(സാധാ) നം.1674/2024/ത.സ്വ.ഭ.വ, തീയതി, 10/09/2024.

3. സ.ഉ.(സാധാ) നം. 8091/2024/ധന, തീയതി, 01/11/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 1726/4 (റീ സർവ്വേ നം. 1726/8)-ൽ ഉൾപ്പെട്ട 0.25 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 14/2014 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 32,58,444/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അമ്പത്തി എണ്ണായിരത്തി നാന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച എൽ.എ.ആർ. 14/2014 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 32,58,444/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി എണ്ണായിരത്തി നാന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ബിജു രമേശന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93 Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 32,59,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ പാറ്റൂർ-ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 1726/4 (റീ സർവ്വേ നം. 1726/8)-ൽ ഉൾപ്പെട്ട 0.25 ആർ സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച് ശ്രീ. ബിജു രമേശ് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 14/2014 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 32,58,444/- രൂപ

(മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി എണ്ണായിരത്തി നാന്നൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) 4217-60-800-93 Payment of compensation in LAR Cases (Plan) എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷിയായ ശ്രീ. ബിജു രമേശന് (S/o ജി. രമേശൻ, 'സംതൃപ്തി' കോട്ടയ്ക്കകം, വഞ്ചിയൂർ, തിരുവനന്തപുരം) റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**JAYAKUMARI P**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ശ്രീ. ബിജു രമേശൻ, S/o ജി. രമേശൻ, 'സംതൃപ്തി' കോട്ടയ്ക്കകം, വഞ്ചിയൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/253/2023/FIN. dated 02.11.2024).
തദ്ദേശ സ്വയംഭരണ (ഐ.എ.) വകുപ്പ് (IA4/181/2023-LSGD)
ഐ. & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (RE1/242/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 28-11-2024 15:54:41
സെക്ഷൻ ഓഫീസർ